## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് പൂർണ ശേഷിയിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

**സ.ഉ.(സാധാ) നം.2526/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/09/2018

---

**പരാമർശം:-** 1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.6.18-ലെ 7959-D-2016-KSHO നമ്പർ കുറിപ്പ്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05/09/2018-ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 4.13

**ഉത്തരവ്**

കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് ( R.O.Plant) സ്ഥാപിക്കാൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ആകെ ചെലവിന്റെ (പരമാവധി 25.5 ലക്ഷം രൂപ) പകുതി തദ്ദേശഭരണ സ്ഥാപനം വഹിക്കണമെന്നും ബാക്കി തുക കുടുംബശ്രീ യൂണിറ്റുകൾ കണ്ടെത്തണമെന്നുമായിരുന്നു തീരുമാനിച്ചിരുന്നത്. ഇത് പ്രകാരം പ്ലാന്റിന്റെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. കുടുംബശ്രീ പ്രസ്തുത ആവശ്യത്തിനായി എടുക്കുന്ന ബാങ്ക് ലോണിന്റെ തിരിച്ചടവ് പൂർത്തിയായതിനു ശേഷം വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി തുല്യമായി വീതിക്കണമെന്ന മുൻ തീരുമാനം പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ചുവടെ ചേർത്തിട്ടുള്ള മാതൃകകൾ കൂടി പരിഗണിച്ച് ആവശ്യമായ ഉത്തരവ് നല്കണമെന്ന് പരാമർശം(1) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1. പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന മാതൃക.
2. കുടുംബശ്രീ യൂണിറ്റംഗങ്ങൾ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും വകയിരുത്തുകയും ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം, കെട്ടിടം, ആവശ്യമായ ലൈസൻസ് എന്നിവ യൂണിറ്റുകൾക്ക് 10 വർഷത്തേക്ക് പാട്ടത്തിനു നൽകുന്ന മാതൃക.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം(2) പ്രകാരമുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് പൂർണ ശേഷിയിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ പൂർണ ശേഷി (capacity)യിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഊർജിതമാക്കേണ്ടതാണ്.
- പ്ലാന്റ് തുടങ്ങുന്നതിനുള്ള സ്ഥലവും കെട്ടിടവും ലൈസൻസും തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കണം. ലാഭത്തിന്റെ ഒരു വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതും ഇതിന്റെ നിരക്ക് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുമാണ്.
- പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമെങ്കിൽ കുടുംബശ്രീ യൂണിറ്റുകൾ ബാങ്ക് ലോൺ എടുക്കേണ്ടതാണ്. ഇതിന്റെ പലിശ സബ്സിഡി ആയി കുടുംബശ്രീ നൽകണം.
- എല്ലാ കോർപ്പറേഷനുകളിലും നാലെണ്ണം വീതവും ആലപ്പുഴ നഗരസഭയിലും മൂന്നു മാസത്തിനകം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം. കൂടാതെ ഈ വർഷാവസാനത്തോടെ 50 പ്ലാന്റുകൾ കുടുംബശ്രീ വഴി സ്ഥാപിക്കണം .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
തദ്ദേശസ്വയം ഭരണ (ഡി.എ)വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ